# മഹാത്മാഗാന്ധി സർവ്വകലാശാല

**(സംഗ്രഹം)**

**മൂല്യനിർണ്ണയ ക്യാമ്പുകളിൽ സംബന്ധിക്കുന്നവർക്കുള്ള യാത്രാബത്ത/ദിനബത്ത നിരക്കുകൾ -ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് പരീക്ഷാഉപസമിതിയുടെ ശിപാർശ അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**പരീക്ഷാ വിഭാഗം ഇ.എ II സെക്ഷൻ**

**നം.675/ഇഎ II/1/548/2017/പരീക്ഷ** **തീയതി, പ്രിയദർശിനി ഹിൽസ്, 14 നവംബർ, 2017**

---

**പരാമർശം:** 1. എം.ജി സർവ്വകലാശാല ഓഡിറ്റ് റിപ്പോർട്ട് 2014-2015

2. 1/11/2017 ലെ സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതിയുടെ യോഗമിനിറ്റ്സിന്റ ഇനം.നം.172183

**<u>ഉത്തരവ്</u>**

ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരാമർശം (1) ന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം 1/11/2017 ലെ സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതിയുടെ യോഗം യൂ.ജി. ഡിഗ്രി കോഴ്സുകളുടെ മൂല്യനിർണയ പ്രതിഫലം അദ്ധ്യാപകർക്ക് നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി മൂല്യനിർണയ പ്രതിഫലം കണക്കാക്കുന്ന രീതി ലഘൂകരിച്ച്, പരിഷ്ക്കരിച്ച് താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുവാനും തദനുസരണം തീരുമാനം കൈക്കൊള്ളുവാനും ശുപാർശ ചെയ്യുകയുണ്ടായി.

1. ഉപമൂല്യകർത്താക്കൾക്ക് പേപ്പറൊന്നിന് 30/- രൂപ (എല്ലാ ആനുകൂല്യങ്ങളും ഉൾപ്പെടെ) കുറഞ്ഞ പ്രതിഫലം 500/- രൂപ.
2. മുഖ്യമൂല്യകർത്താവിന് കൈകാര്യം ചെയ്യുന്ന പേപ്പറൊന്നിന് 6.50/- രൂപ (റീവാലുവേഷൻ, റീ ചെക്കിങ് എന്ന വ്യത്യാസം ഇല്ലാതെ എല്ലാ ആനുകൂല്യങ്ങളും ഉൾപ്പെടെ) കുറഞ്ഞ പ്രതിഫലം 600/- രൂപ
3. ഡെപ്യൂട്ടി ചെയർമാൻമാർക്ക് ഏറ്റവും കൂടുതൽ പ്രതിഫലം ലഭിച്ച മൂല്യകർത്താവിന്റെ പ്രതിഫലത്തോടുകൂടി 300/- രൂപ അധികം.
4. ചെയർമാൻമാർക്ക് ഏറ്റവും കൂടുതൽ പ്രതിഫലം ലഭിച്ച മൂല്യകർത്താവിന്റെ പ്രതിഫലത്തോടുകൂടി 500/- രൂപ അധികം.
5. ഹോം വാല്യൂവേഷൻ സ്പെഷ്യൽ സ്കീം :-
   ഉപമൂല്യകർത്താവിന് പേപ്പർ ഒന്നിന് 27/- രൂപയും മുഖ്യ മൂല്യകർത്താവിന് കൈകാര്യം ചെയ്യുന്ന പേപ്പർ ഒന്നിന് 6.00/- രൂപയും നൽകേണ്ടതാണ്. ഉപമൂല്യ കർത്താവിന്റെ കുറഞ്ഞ പ്രതിഫലം 300/- രൂപയും മുഖ്യ മൂല്യകർത്താവിന്റെ കുറഞ്ഞ പ്രതിഫലം 600/- രൂപയും.
6. ഉപമൂല്യ കർത്താക്കൾ മൂല്യനിർണ്ണയം നടത്തേണ്ട ഉത്തരക്കടലാസുകളുടെ എണ്ണവും മുഖ്യ മൂല്യകർത്താക്കൾ പുനർ മൂല്യനിർണ്ണയം/പുന:പരിശോധന നടത്തേണ്ട ഉത്തരക്കടലാസുകളുടെ എണ്ണവും നിലവിലെ രീതിയിൽ തന്നെ തുടരുന്നതാണ്.
7. യൂ.ജി.സി നിരക്കിൽ ശമ്പളം കൈപ്പറ്റുന്ന അധ്യാപകർക്ക് ലഭിക്കുന്ന പ്രതിഫലത്തിൽ നിന്ന് കൊമേഴ്സ് ആർട്സ് വിഷയങ്ങൾക്ക് 80 പേപ്പറിന്റെ റെമ്യൂണറേഷൻ തുകയും സയൻസ് വിഷയങ്ങൾക്ക് 65 പേപ്പറിന്റെ റെമ്യൂണറേഷൻ തുകയും 9/- രൂപ നിരക്കിൽ കുറവ് വരുത്തേണ്ടതുണ്ട്. മൂല്യനിർണ്ണയ പ്രക്രിയയിൽ നിന്നും വിട്ടുനിൽക്കുന്ന അദ്ധ്യാപകർ മുകളിൽ പറഞ്ഞിരിക്കുന്ന റഗുലേഷൻ പ്രകാരമുള്ള പ്രതിഫലം യുണിവേഴ്സിറ്റി ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്. ഇതു കൂടാതെ സർവ്വകലാശാല നിയമാവലി പ്രകാരം ശമ്പളം തടയുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതാണ്.

...2

പരീക്ഷാ വിഭാഗത്തിൽ ഡി.ആർ –VIII ന്റെ കീഴിൽ മാപ്പിംഗ്, മാർക്ക് എൻട്രി എന്നിവയുടെ മേൽനോട്ടത്തിനായി ഒരു എസ്.ഒ.യും നാല് അസിസ്റ്റന്റ്മാരും ഉൾപ്പെടുന്ന ഇ.എൻ. XV എന്ന സെക്ഷൻ രൂപീകരിക്കാനും ശുപാർശ ചെയ്തിട്ടുണ്ട്. അദ്ധ്യാപകരുടെ മൂല്യനിർണ്ണയ പ്രതിഫല ബില്ലുകൾ പ്രോസസ് ചെയ്യുന്നതിന്റെ മേൽനോട്ടവും ഈ സെക്ഷന്റെ ചുമതലയിൽ ആയിരിക്കും. ഈ സെക്ഷനിലേയ്ക്ക് അനുയോജ്യരായ ഉദ്യോഗസ്ഥരെ അടിയന്തിരമായി കണ്ടെത്തി നിയമിക്കുന്നതിനായി വൈസ് ചാൻസിലർ/പ്രൊ–വൈസ് ചാൻസിലർ, രജിസ്ട്രാർ എന്നിവരുമായി കൂടിയാലോചന നടത്തി നടപടികൾ കൈക്കൊള്ളുന്നതിനായി പരീക്ഷാ കമ്മിറ്റി കൺവീനറെ ചുമതലപ്പെടുത്തിയിരിക്കുന്നു.

യൂ.ജി കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളുടെ കാലയളവിൽ ഇ.എൻ. XV ലെ ഉദ്യോഗസ്ഥരെ കൂടാതെ മേഖലാ ക്യാമ്പുകളിലെ ബില്ലുകൾ ശേഖരിക്കുന്നതിന് 6 അസിസ്റ്റന്റ് മാരെയും എക്സാം ഓഡിറ്റ് സെക്ഷനിലെ എസ്.ഒ, 2 അസിസ്റ്റന്റ്മാർ എന്നിവരേയും എക്സാം ക്യാഷ് സെക്ഷനിലെ എസ്.ഒ., 2 അസിസ്റ്റന്റ്മാർ എന്നിവരേയും ഉൾപ്പെടുത്തി ക്യാമ്പ് രൂപീകരിക്കേണ്ടതാണ്. ഇവർക്ക് പരമാവധി 15 ദിവസത്തെ ഡി.എ യും ക്യാമ്പുകളിലേക്കുള്ള യാത്രയ്ക്ക് അർഹതപ്പെട്ട റ്റി.എ യും നൽകേണ്ടതാണ്.

ക്യാമ്പ് ഡയറക്ടർമാർക്ക് അതാത് ക്യാമ്പിലെ ഉയർന്ന പ്രതിഫലം ലഭിക്കുന്ന ചെയർമാൻ/ഡെപ്യൂട്ടിചെയർമാന്റെ പ്രതിഫലം നൽകേണ്ടതാണ്. 2017 നവംബർ മാസത്തിൽ തുടങ്ങുന്ന കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ് മുതൽ ഈ ശിപാർശകൾക്ക് പ്രാബല്യം നൽകിയിരിക്കുന്നു. 1985 ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ടിലെ 3.10(17) വകുപ്പ് പ്രകാരം മേൽപ്പറഞ്ഞ ശിപാർശകൾ വൈസ്ചാൻസിലർ അംഗീകരിച്ചു.

തദ്ദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**സുരേഷ് കുമാർ.കെ.ആർ**

അസിസ്റ്റന്റ് രജിസ്ട്രാർ **XI** (പരീക്ഷ)

പരീക്ഷാകൺട്രോളർക്കുവേണ്ടി

<u>പകർപ്പ്</u>

1. ആർ.പ്രഗാഷ്, കൺവീനർ, സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതി,
2. സിൻഡിക്കേറ്റ് പരീക്ഷാഉപസമിതിയുടെ എല്ലാ അംഗങ്ങൾക്കും
3. വൈസ് ചാൻസിലർ/പ്രൊ.വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
5. സി.ഇ സെക്ഷൻ/എ.സി.സി സെക്ഷൻ ഇ.എൻ I/II/III/V എക്സാം ഓഡിറ്റ് I/II/III സെക്ഷനുകൾ
6. ജെ.ആർ I/II/III/IVഡി.ആർ VIII/എ.ആർ XI/XVIII/XXI പരീക്ഷാ വിഭാഗം/എ.ആർ II/ ഡി.ആർ II (ധനകാര്യം)
7. ഐ.ക്യൂ.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ/ജെഡി, കെ.എസ്.എ
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**